**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6773** **21-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതിയെപ്പറ്റി വിശദമാക്കാമോ; ഈ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ? | (എ) | 20 ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീയുടെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ 53 ലക്ഷം തൊഴിലന്വേഷകരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 58% സ്ത്രീകളാണ്. തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്ന സാഹചര്യത്തിൽ, അഭ്യസ്തവിദ്യരും തൊഴിലന്വേഷകരുമായ സ്ത്രീകളെ തൊഴിൽസജ്ജരാക്കാൻ പ്രത്യേക ഊന്നൽ നൽകുന്ന "തൊഴിലരങ്ങത്തേക്ക്" എന്ന വൈജ്ഞാനിക തൊഴിൽ പദ്ധതി നോളജ് ഇക്കോണമി മിഷൻ നടപ്പിലാക്കിവരികയാണ്.<br><br>പദ്ധതിയോടനുബന്ധിച്ച് പ്രാദേശികതലത്തിലും ക്യാമ്പസുകൾ വഴിയും വനിതകളെ ചേർത്ത് നോളജ് ജോബ് യൂണിറ്റുകൾ രൂപീകരിക്കുകയും അതുവഴി പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഇരുപത്തി അയ്യായിരത്തിലധികം വനിതകൾ ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പ്രാദേശികതലത്തിൽ കമ്യൂണിറ്റി അംബാസഡർമാർ വഴിയും ക്യാമ്പസുകളിൽ പ്ലേസ്മെന്റ് കോർഡിനേറ്റർമാരും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. നോളജ് മിഷൻ DWMS പ്ലാറ്റ്ഫോമിലൂടെ നൽകുന്ന വിവിധ സേവനങ്ങളായ ഇംഗ്ലീഷ്സ്കോർ, വർക്ക് റെഡിനെസ്സ്പ്രോഗ്രാം, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ്, കൗൺസിലിംഗ് എന്നിവ ആദ്യഘട്ടത്തിൽ നൽകി ഉദ്യോഗാർത്ഥികളെ തൊഴിൽ സജ്ജരാക്കി. തുടർന്ന് ജില്ലാതലത്തിൽ പ്ലേസ്മെന്റ് ഓറിയന്റേഷൻ നടത്തി തൊഴിൽമേളയിലേക്ക് ഉദ്യോഗാർത്ഥികളെ എത്തിച്ചു. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ എല്ലാ ജില്ലകളിലും "തൊഴിലരങ്ങത്തേക്ക്" തൊഴിൽ മേളകൾ 2023 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടത്തുകയുണ്ടായി. ജില്ലാ തൊഴിൽമേളകളിൽ മികച്ച പങ്കാളിത്തമാണ് ഉണ്ടായത്. പതിനായിരത്തിലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത തൊഴിൽമേളകളിലൂടെ ഇതുവരെ 8,652 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും 1,475 പേർക്ക് ഓഫർ ലെറ്റർ നൽകുകയും ചെയ്തു.<br><br>ഇതു കൂടാതെ തുടർന്നുള്ള ഘട്ടങ്ങളിൽ 30 ലക്ഷത്തോളം വരുന്ന സ്ത്രീകളായ തൊഴിൽ അന്വേഷകരെ പദ്ധതിയുടെ ഭാഗമാക്കി വിവിധ ഏജൻസികൾ വഴി പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>സർക്കാർ നടത്തുന്ന ഇടപെടലുകൾ തൊഴിൽ വിപണിയിൽ സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നതിനാലും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തെ പിന്തുണയ്ക്കുന്നതിനാലും "തൊഴിലരങ്ങത്തേക്ക്" എന്ന പദ്ധതി പ്രാധാന്യമർഹിക്കുന്നു. |

സെക്ഷൻ ഓഫീസർ